(ഇ) അരണ്യം 5,000 കോപ്പികളും, ന്യൂസ് ലറ്റർ 2,000 കോപ്പികളും, ലഘുലേഖകൾ 10,000 കോപ്പി വീതവുമാണ് അച്ചടിക്കുന്നത്.

(എഫ്) സർക്കാർ പ്രസ്സിൽ ഇവ അച്ചടിക്കാറില്ല. ന്യൂസ് ലറ്റർ വനം വകുപ്പിന്റെ പ്രസ്സിലാണ് അച്ചടിക്കുന്നത്. വനം വകുപ്പിന്റെ പ്രസ്സ് മിനി ഓഫ്സെറ്റ് പ്രസ്സ് ആയതിനാൽ ബ്ലാക്ക് ആന്റ് വൈറ്റ് പ്രിന്റിംഗ് മാത്രമേ നടത്തുവാൻ സാധിക്കുകയുള്ളൂ. സാങ്കേതിക ബുദ്ധിമുട്ടുള്ളതിനാൽ അരണ്യം പോലെയുള്ളവ (ഡബിൾ ഡെമ്മി സൈസ്) ഈ പ്രസ്സിൽ അച്ചടിക്കുന്നത് പ്രായോഗികമല്ല. ലഘുലേഖകൾ വിവിധ നിറങ്ങളിൽ ആകർഷകമായി പ്രിന്റ് ചെയ്യേണ്ടതുള്ളതിനാൽ ഇവയും സ്വകാര്യ പ്രസ്സിലാണ് അച്ചടിക്കുന്നത്.

(ജി) വനം വകുപ്പിനാവശ്യമായ ബ്ലാക്ക് ആന്റ് വൈറ്റിലുള്ള ലഘുലേഖകൾ ഹോൾഡറുകൾ, ഫോമുകൾ എന്നിവ.

വന്യമൃഗ സങ്കേതങ്ങളും ദേശീയോദ്യാനങ്ങളും

6 (1556) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള വന്യമൃഗ സങ്കേതങ്ങൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ ;

(ബി) പുതുതായി വന്യമൃഗ സങ്കേതങ്ങൾ വികസിപ്പിച്ചെടുക്കാൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്തെ ദേശീയോദ്യാനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാനത്തെ വന്യമൃഗ സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും സംരക്ഷണം, വികസനം, പുനരുദ്ധാരണം എന്നിവയ്ക്കായി എന്തുതുക കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 12 വന്യമൃഗ സങ്കേതങ്ങൾ താഴെപ്പറയുന്നവയാണ്.

1. പെരിയാർ കടുവാ സങ്കേതം
2. വയനാട് വന്യജീവി സങ്കേതം
3. പറമ്പിക്കുളം വന്യജീവി സങ്കേതം
4. നെയ്യാർ വന്യജീവി സങ്കേതം
5. പീച്ചി- വാഴനി വന്യജീവി സങ്കേതം
6. ശെന്തരുണി വന്യജീവിസങ്കേതം
7. ചിന്നാർ വന്യജീവി സങ്കേതം

LIBRARY ARCHIVES Kerala Legislative Assembly

8. ഇടുക്കി വന്യജീവി സങ്കേതം
9. ആറളം വന്യജീവി സങ്കേതം
10. പേപ്പാറ വന്യജീവി സങ്കേതം
11. ചിമ്മിണി വന്യജീവി സങ്കേതം
12. തട്ടേക്കാട് പക്ഷി സങ്കേതം

(ബി & സി) ഇല്ല.

(ഡി) സംസ്ഥാനത്തെ രണ്ടു ദേശീയോദ്യാനങ്ങൾ ഇരവിക്കുളം, സൈലന്റ് വാലി എന്നിവയാണ്.

(ഇ) വിവിധ പദ്ധതികളിലായി സംസ്ഥാനത്ത് വന്യമൃഗ സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും സംരക്ഷണം, വികസനം, പുനരുദ്ധാരണം എന്നിവയ്ക്കായി 1999-2000 സാമ്പത്തിക വർഷം ചെലവായ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു. (50% കേന്ദ്ര സഹായ പദ്ധതി) വന്യമൃഗ സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും വികസനം - 426.63 ലക്ഷം.

വന്യജീവി സംബന്ധമായ വിദ്യാഭ്യാസവും, വിശകലനവും.

21.95 ലക്ഷം

100% സംസ്ഥാന സഹായ പദ്ധതി വന്യജീവി അനധികൃത നായാട്ടും ഇടപാടുകളും തടയുന്നതിന് 18.23 ലക്ഷം ജൈവവൈവിധ്യ സംരക്ഷണം 144.77 ലക്ഷം. വന്യജീവി വിനോദ സഞ്ചാര വികസനം 25.42 ലക്ഷം വനദർശനം, വന്യജീവി വിനോദ സഞ്ചാരം 5.50 ലക്ഷം.

(100% കേന്ദ്രാവിഷ്കൃത പദ്ധതി) പ്രോജക്ട് എലിഫന്റ് 50.98 ലക്ഷം നീലഗിരി ബയോസ്ഫിയർ റിസർവ്വ് 18.67 ലക്ഷം.

(എഫ് & ജി) ഇന്ത്യാ ഇക്കോ ഡവലപ്പ്മെന്റ് 474.87 ലക്ഷം ആകെ 1187.02 ലക്ഷം.

കേരളത്തിലെ വനം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മിനി കാഴ്ച ബംഗ്ലാവുകളും സ്നേക്ക് പാർക്കുകളും

7 (1557) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിന്റെ കീഴിൽ എത്ര മിനി കാഴ്ചബംഗ്ലാവുകളും സ്നേക്ക് പാർക്കുകളും പ്രവർത്തിക്കുന്നുണ്ട് ;

(ബി) സൈലന്റ് വാലിയിലെ മിനി സൂ, മുത്തങ്ങ സ്നേക്ക് പാർക്ക്, ആനപ്പാടി സ്നേക്ക് പാർക്ക്, തട്ടേക്കാട് മിനി സൂ, മലമ്പുഴ സ്നേക്ക് പാർക്ക് എന്നിവക്ക് സർക്കാർ അനുവാദം നൽകിയിട്ടുണ്ടോ ; എങ്കിൽ അവയുടെ കോപ്പി മേശപ്പുറത്തുവയ്ക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly